## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 4213 — 13/12/2018 ൽ മറുപടിക്ക്

### പൊതു മേഖല സ്ഥാപനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എസ്.ശർമ്മ** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിലെ പൊതു മേഖല സ്ഥാപനങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; <br><br> (ബി) അഭ്യസ്തവിദ്യരായ പുതുതലമുറയുടെ പ്രതീക്ഷകൾക്ക് അനുസൃതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) & ബി) ഈ സർക്കാർ അധികാരത്തിൽ 'വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിശദമായ വിശകലനത്തിന് വിധേയമാക്കുകയുണ്ടായി. <br><br> സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യ ലഭ്യമാക്കി വിപണനത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വത്ക്കരണം നടപ്പിലാക്കുന്നതിലെ. കാലതാമസം, മെഷീനറികളുടെ കാലപ്പഴക്കം എന്നിവ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മത്സരക്ഷമമാക്കുവാൻ കഴിയാത്തതും, മതിയായ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുമാണ് കുറച്ച് സ്ഥാപനങ്ങളുടെ പ്രവർത്തനം മോശമാകാനിടയായ സാഹചര്യം സൃഷ്ടിച്ചത്. <br><br> പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ ലഭ്യമാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വത്ക്കരണത്തിലൂടെയും, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്ക്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിനായി ബഡ്ജറ്റ് മുഖേന കൂടുതൽ ധനസഹായം അനുവദിക്കുകയും ചെയ്യുവരുന്നു. |

പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുന്ന വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ, പദ്ധതികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

| | |
|---|---|
| സി) പൊതുമേഖലസ്ഥാപനങ്ങളുടെ പ്രവർത്തനം കാലാനുസൃതമായി മെച്ചപ്പെടുത്തുവാനും മാറ്റങ്ങൾ ഉൾക്കൊള്ളുവാനും ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പരിശീലനം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | സി) സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്ന നവീകരണ, വിപുലീകരണ പദ്ധതികളുടെ ഭാഗമായി ജീവനക്കാർക്ക് സാങ്കേതിക പരിശീലനവും നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ